(16) പീരുമേട് തേയിലത്തോട്ടം തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ

(ഡെപ്യൂട്ടി സ്പീക്കർ നോട്ടീസ് കൊടുത്ത സബ്മിഷനുള്ള മറുപടി)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, പീരുമേട് ചീന്തലാർ തോട്ടത്തിൽ, പീരുമേട് ടീ കമ്പനിയിൽ ആയിരത്തോളം തൊഴിലാളികൾക്ക് കഴിഞ്ഞ ആറേഴ് മാസമായി തൊഴിലില്ല എന്നത് ഒരു വസ്തുതയാണ്. തോട്ടം മാനേജ്മെന്റ് സ്ഥലം വിട്ടതാണ് അതിന്റെ മുഖ്യമായ കാരണം. ആ തൊഴിലാളികൾ വളരെയേറെ പ്രയാസത്തിലാണ് എന്ന് യൂണിയൻ നേതാക്കന്മാരും അതുപോലെ തന്നെ ഡെപ്യൂട്ടി സ്പീക്കറും എന്റേയും മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തുകയും മെമ്മോറാണ്ടം തരികയുമൊക്കെ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അവർക്ക് കുറച്ചെങ്കിലും സൗജന്യ റേഷൻ കൊടുക്കണമെന്നതാണ് അവരുടെ മുഖ്യമായ ആവശ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഞാൻ ഇക്കാര്യം ചർച്ച ചെയ്തിരുന്നു. ഒരാഴ്ചത്തെ സൗജന്യ റേഷൻ കൊടുക്കാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. ഒരാഴ്ചത്തെ സൗജന്യറേഷൻ കൊടുക്കാമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഉന്നയിക്കുന്നവർക്ക് മാത്രമേ കൊടുക്കുകയുള്ളോ ? ഇതുപോലെ ഒരുപാട് കാര്യങ്ങൾ ഞങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, നിങ്ങൾ ഉന്നയിക്കൂ. ഗവൺമെന്റ് അന്വേഷിക്കുന്നുണ്ട്; അതിനാവശ്യമായ നടപടി എടുക്കുന്നുണ്ട്. ഇവിടെ ഒരു സബ്മിഷനായി ഉന്നയിക്കപ്പെട്ട സാഹചര്യത്തിൽ മുഖ്യമന്ത്രി ആ കാര്യത്തിൽ ഒരു നിലപാട് സ്വീകരിച്ചതാണ്. ഞങ്ങൾക്ക് കിട്ടിയ വിവരം അനുസരിച്ച് ഞങ്ങൾ ആവശ്യമായ നടപടിയെടുക്കുന്നുണ്ട്. ശ്രീ. ആര്യാടൻ മുഹമ്മദ് ഇതിൽ ഉത്കണ്ഠപ്പെടേണ്ടതില്ല. വേണ്ട വിധത്തിൽ ഞങ്ങൾ കാര്യങ്ങൾ ചെയ്യുന്നുമുണ്ട്.

(17) തിരുവനന്തപുരം സ്പിന്നിംഗ് മിൽ തുറന്ന് പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : സർ, ദക്ഷിണകേരളത്തിലെ ഏക പൊതുമേഖലാ സ്ഥാപനമായ തിരുവനന്തപുരം സ്പിന്നിംഗ് മിൽ വളരെ കാലമായി അടഞ്ഞുകിടക്കുകയാണ്. അടിയന്തിരമായി ആ മിൽ തുറന്ന് പ്രവർത്തിപ്പിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഏതാണ്ട് പന്ത്രണ്ടരക്കോടി രൂപ സ്പിന്നിംഗ് മില്ലിന്റെ പുനരുദ്ധാരണത്തിനുവേണ്ടി ഗവൺമെന്റ് ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ധനകാര്യമന്ത്രിയുടെ സഹായത്തോടുകൂടി അതിനുള്ള അനുമതി നൽകി എത്രയും വേഗം ഈ മിൽ തുറന്നു പ്രവർത്തിപ്പിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, തിരുവനന്തപുരം സ്പിന്നിംഗ് മിൽ പ്രവർത്തനക്ഷമം അല്ലാതാകുകയും തുടർച്ചയായ നഷ്ടമൂലം

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനമൂലധനം പൂർണ്ണമായി ഇല്ലാതാകുകയും ചെയ്തതിനാലാണ് 22-8-1998 മുതൽ മില്ലിന്റെ പ്രവർത്തനം നിറുത്തിവയ്ക്കേണ്ടിവന്നത്. ഈ സ്ഥാപനത്തിലെ തൊഴിലാളികളെ സർക്കാരിന്റെ അനുമതിയോടുകൂടി ലേ ഓഫ് ചെയ്തുവരുന്നു. 35 വർഷത്തോളം പഴക്കമുള്ള ഈ സ്ഥാപനത്തിലെ യന്ത്രങ്ങൾ ഭാഗീകമായി മാറ്റി 8054 പുതിയ സ്പിൻഡിലുകൾ വാങ്ങി സ്ഥാപിച്ച് പ്രവർത്തന ക്ഷമത കൂട്ടാൻ ഉദ്ദേശിക്കുന്നുണ്ട്. 12.16 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന റീ-സ്ട്രക്ച്ചറിംഗ് പദ്ധതി നടപ്പാക്കാൻ അനുമതി നല്കിക്കഴിഞ്ഞു. ഇതിനാവശ്യമായ തുകയുടെ ഒരു ഭാഗം, 309 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ബാക്കി 557 ലക്ഷം രൂപ അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്യും. കൂടാതെ 'KIRF' ബോർഡിൽനിന്നും ലഭിക്കേണ്ടതായ 340 ലക്ഷം രൂപ വായ്പായി അനുവദിക്കുന്ന കാര്യവും ഈ സ്ഥാപനത്തെ കേരള സ്റ്റേറ്റ് ടെക്സ്റ്റൈയിൽ കോർപ്പറേഷൻ ലിമിറ്റഡിനോട് ലയിപ്പിക്കണമെന്ന് 'KIRF' ബോർഡിന്റെ നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിലാണ്. കഴിയുന്നതും വേഗം ഈ മില്ലിന്റെ പ്രവർത്തനം പുനരാരംഭിക്കുവാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നുത്.

(18) പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്കെതിരെ റവന്യൂ റിക്കവറി നടപടി

<u>ശ്രീ. പി. ജെ. ഫ്രാൻസിസ്</u> : സർ, കടലിലും കായലിലും പണിയെടുക്കുന്ന മൽസ്യത്തൊഴിലാളികൾ പട്ടിണിയിലാണ്. കാരണം, മൽസ്യം ലഭിക്കുന്നില്ല. ഇപ്പോൾ അയല ലഭിക്കേണ്ടതാണ്, അയല ഇല്ല. മത്തിയാണെങ്കിൽ കുറച്ച് കിട്ടുന്നു. മൽസ്യബന്ധനത്തിനുള്ള ചെലവ് ഭയങ്കരമാണ്. മൽസ്യത്തൊഴിലാളികൾ കടക്കെണിയിൽപ്പെട്ടിരിക്കുകയാണ്. അതേ സമയത്ത് ഭവനവായ്പയുടേയും വള്ളം, വല, എഞ്ചിൻ എന്നീ വായ്പയുടേയുമൊക്കെ റിക്കവറി ഇപ്പോൾ നടത്തുകയാണ്. ഈ റിക്കവറി നടപടികൾ നിറുത്തിവയ്ക്കണം. പട്ടിണി മരണം ഉണ്ടാകാതിരിക്കാൻ അവർക്ക് സൗജന്യ റേഷൻ കൊടുക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

<u>ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ)</u> : സർ, മൽസ്യമേഖലയിൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെയുള്ള എന്തെങ്കിലും പ്രശ്നങ്ങൾ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മത്സ്യോല്പാദനം വർദ്ധിക്കാൻ ഒരുപാട് നടപടികൾ ഗവൺമെന്റ് എടുത്തിട്ടുണ്ട്. അതിന്റെ ഫലമായി മത്സ്യോല്പാദനം വർദ്ധിച്ചിട്ടുമുണ്ട്. ഉൾക്കടൽ പ്രദേശത്ത് കാണുന്ന ഏട്ട, സ്രാവ് തുടങ്ങിയവയുടെ ഉൽപ്പാദനത്തിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്. ആഴക്കടൽ കപ്പലുകളുടെ പ്രവർത്തനം പൂർണ്ണമായി നിയന്ത്രിച്ചാൽ ഉൾക്കടൽ മത്സ്യോല്പാദനവും വർദ്ധിക്കുമെന്നതിൽ തർക്കമില്ല. മൽസ്യത്തൊഴിലാളികൾക്കെതിരെ ഫിഷറീസ് വകുപ്പ് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടില്ല. എന്നാൽ ഹഡ്കോയുടെ സഹായത്തോടെ മൽസ്യഫെഡിൽനിന്നും വർഷങ്ങൾക്ക് മുൻപ് നൽകിയ വായ്പയുടെ റിക്കവറി നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly